# കുട്ടികൾക്കായുള്ള ബൈബിൾ

## അവതരണം

# പത്രൊാസും പ്രാർത്ഥനയുടെ ശക്തിയും




എഴുതിയത്: Edward Hughes
ഉദാഹരണം : Janie Forest
അംഗീകരിച്ചത്: Rev. Benny
തർജ്ജിമ ചെയ്യതത്: Ruth Klassen


കഥ 57-60 നിന്നും


**www.M1914.org**

***Bible for Children,*** *PO Box 3, Winnipeg, MB R3C 2G1 Canada*



കോപ്പിചെയുവാനും മുദ്രണം ചെയുവാനും അധികാരം ഉണ്ട്.
ഒരിക്കലും വിൽക്കരുത്.


മലയാളം

Malayalam



യേശുവിനെക്കുറിച്ച് പറയുവാൻ അപ്പൊസ്തലനായ പത്രൊാസ് ദേശത്തെല്ലാടവും സഞ്ചരിച്ചു. ഒരു ദിവസം ലുദ്ദ എന്ന പട്ടണത്തിൽ എട്ടുവർഷമായി തളർവാതം പിടിച്ചുകിടന്ന ഒരാളെ കണ്ടു.

1



‘‘യേശുക്രിസ്തു നിന്നെ സൗഖ്യമാക്കുന്നു. എഴുന്നേല്ക്കുക, നിന്റെ കിടക്ക ശരിയാക്കുക’’ എന്നു പത്രൊാസ് പറഞ്ഞു. ഉടൻതന്നെ അയാൾ എഴുന്നേറ്റു. ഇതു കണ്ട ജനമെല്ലാം കർത്താവിങ്കലേക്കു തിരിഞ്ഞു.

2



അടുത്ത പട്ടണമായ യോപ്പയിലെ ആളുകൾ ദുഃഖിതരായിരുന്നു. ഡോർക്കസ് (പേടമാൻ) എന്നു പേരുള്ള ഒരു ക്രിസ്ത്യൻ വനിത മരിച്ചുപോയി.
3
അവരുടെ സുഹൃത്തുക്കളെല്ലാംകൂടെ അവളുടെ ശരീരം അടക്കം ചെയ്യുവാൻ വേണ്ടി ഒരുക്കി മാളികമുറിയിൽ കിടത്തിയിട്ട് അവിടെയിരുന്ന് വിലപിച്ചു.
4
പത്രൊസ് ആ പ്രദേശത്തുണ്ടെന്ന് ഡോർക്കസിന്റെ സുഹൃത്തുക്കൾ കേട്ടു. ഉടൻതന്നെ യോപ്പയിലേക്ക് വരുവാൻ അവർ പത്രോസിനോട് അപേക്ഷിച്ചു.
5
അദ്ദേഹം മാളികമുറിയിൽ എത്തിയപ്പോൾ, ഡോർക്കസ് അഥവാ തബീഥാ തങ്ങളോടുകൂടെ ഉണ്ടായിരുന്നപ്പോൾ തുന്നിത്തന്ന ഉടുപ്പുകളും മറ്റുവസ്ത്രങ്ങളും വിധവമാർ കാണിച്ചു. എല്ലാവരും കരയുകയായിരുന്നു.
6
പത്രൊസ് അവരെയെല്ലാം മുറിക്ക് പുറത്തേക്കയച്ചശേഷം മുട്ടിന്മേൽനിന്ന് പ്രാർത്ഥിച്ചു. അനന്തരം ശരീരത്തിനുനേരെ തിരിഞ്ഞ്: ‘‘തബീഥയേ, എഴുന്നേൽക്കുക’’ എന്നു പറഞ്ഞു. അവൾ കണ്ണുതുറന്നു. പത്രൊസിനെ കണ്ടിട്ട് എഴുന്നേറ്റിരുന്നു.
7
അദ്ദേഹം അവളെ കൈക്കുപിടിച്ച് എഴുന്നേല്പിച്ചു. അതിനുശേഷം വിശുദ്ധരെയും (ക്രിസ്ത്യാനികൾ) വിധവമാരെയും വിളിച്ച് അവളെ ജീവനുള്ളവളായി അവരെ ഏല്പിച്ചു. യോപ്പയിലെല്ലായിടത്തും ഇതു പ്രസിദ്ധമായി; വളരെയാളുകൾ കർത്താവിൽ വിശ്വസിച്ചു.
8


യോപ്പയിൽ കടലിനരികെയുള്ള ഒരു ഭവനത്തിൽ
പത്രൊസ് കുറെനാൾ പാർത്തു. ഒരു ദിവസം
പത്രൊസ് പ്രാർത്ഥിക്കുവാൻ
വേണ്ടി വീടിന്റെ
മട്ടുപ്പാവിലേക്ക് കയറി.
9
പട്ടണമതിലുകൾക്ക് അപ്പുറത്തേക്ക് അദ്ദേഹം
എത്തിനോക്കിയിരുന്നുവെങ്കിൽ മൂന്നു യാത്രക്കാർ
തന്നെ തിരക്കി വരുന്നതു കാണാമായിരുന്നു.
10
ദൈവത്തെ ആരാധിച്ചിരുന്ന റോമൻ പടയാളിയായ
കൊർന്നല്യോസിന്റെ വേലക്കാരായിരുന്നു അവർ.
പത്രോസിനെ കണ്ടെത്തുവാൻ കൊർന്നല്യോസ്
തന്റെ
JOPPA
വേലക്കാരെ
അയയ്ക്കാൻ
കാരണം ഒരു ദൂതൻ
ദർശനത്തിൽ തന്നോടു
പറഞ്ഞു:
11
“ആളയച്ചു പത്രോസിനെ വരുത്തുക. അയാൾ
തോല്പ്പണിക്കാരനായ ശിമോനോടുകൂടെ പാർക്കുന്നു.
JOPPA
അവന്റെ
വീട്
കടൽപ്പുറത്താണ്.
നീ എന്തു
ചെയ്യേണമെന്ന്
അയാൾ
പറഞ്ഞുതരും.”
12
പത്രൊസ് മട്ടുപ്പാവിൽ പ്രാർത്ഥിച്ചുകൊണ്ടിരുന്നപ്പോൾ
ദൈവം അദ്ദേഹത്തിന് ഒരു ദർശനം കൊടുത്തു. ഒരു വലിയ
വിരിപോലെയുള്ള ഒന്ന് ഭൂമിയിലേക്ക്
ഇറങ്ങിവരുന്നത് കണ്ടു. അതിൽ
നാല്ക്കാലികളും
പക്ഷികളും
ഉണ്ടായിരുന്നു.
13
അത് “അശുദ്ധ”മായവയാണെന്ന് പത്രൊസ്
പറഞ്ഞു. അതിന്റെയർത്ഥം ഭക്തരായ യഹൂദന്മാർക്ക്
അത് കഴിക്കുവാനുള്ള
അനുമതിയില്ലായിരുന്നു.
പെട്ടെന്ന് ഒരു ശബ്ദം
അദ്ദേഹത്തോട്
പത്രൊസേ,
എഴുന്നേറ്റ്
കൊന്നുതിന്നുക,
എന്നു പറഞ്ഞു.
14


“ഇല്ല കർത്താവേ”
പത്രൊസ് ദൈവത്തോട്
പറഞ്ഞു: “അശുദ്ധമോ മലിനമോ
ആയതൊന്നും ഞാനൊരിക്കലും
ഭക്ഷിച്ചിട്ടില്ല.” രണ്ടാമതും
ആ ശബ്ദം അദ്ദേഹത്തോട്
സംസാരിച്ചു. “ദൈവം
ശുദ്ധീകരിച്ചതൊന്നും
അശുദ്ധമെന്ന് പറയരുത്.”
മൂന്നു പ്രാവശ്യം
ഇപ്രകാരം സംഭവിച്ചു.
എന്നിട്ട് ആ വിരി
സ്വർഗത്തിലേക്ക്
തിരിച്ച്
എടുക്കപ്പെട്ടു.
15


ഈ ദർശനത്തിന്റെ
അർത്ഥമെന്താണെന്ന് പത്രൊസിന്
മനസ്സിലായില്ല, അതിനെക്കുറിച്ച്
ചിന്തിച്ചുകൊണ്ടിരിക്കുമ്പോൾ,
ദൈവം അദ്ദേഹത്തോടു
പറഞ്ഞു മൂന്നുപേർ
നിന്നെ അന്വേഷിക്കുന്നു
അവരോടൊപ്പം
പോകുക.
16


അങ്ങയെ വീട്ടിലേക്ക് വരുത്തണമെന്ന് ഒരു വിശുദ്ധ
ദൂതനാൽ കൊർന്നല്യോസിന് അരുളപ്പാടുണ്ടായി
എന്ന് ഈ മൂന്ന് പുരുഷന്മാർ പത്രൊസിനോട്
പറഞ്ഞപ്പോൾ അദ്ദേഹത്തിന് മനസ്സിലായി ഇത്
ദൈവത്തിന്റെ നടത്തിപ്പാണെന്ന്.
അടുത്ത ദിവസം
പത്രൊസും ആറ്
സുഹൃത്തുക്കളും
കൂടെ
കൊർന്നല്യോസിന്റെ
വീട്ടിലേക്ക്
പോയി.
17


യഹൂദനല്ലാത്ത
ഒരുവന്റെ വീട്ടിലേക്ക്
പോയിക്കൊണ്ടിരുന്നപ്പോൾ
ഒരുപക്ഷേ, പത്രൊസ്
മനസ്സിലാക്കുവാൻ തുടങ്ങി
ദൈവം എല്ലാ ജനങ്ങളെയും
സ്നേഹിക്കുന്നു. യേശുവാണ്
ലോകത്തിന്റെ രക്ഷിതാവെന്ന്
എല്ലാ ജാതികളും അറിയണമെന്ന്
ദൈവം ആഗ്രഹിച്ചു. പത്രൊസ്
എത്തിയപ്പോൾ, കൊർന്നല്യോസ്
ആദരപൂർവ്വം കാല്ക്കൽ
വീണ് വന്ദിച്ചു.
18


“എഴുന്നേല്ക്കുക, ഞാൻ കേവലം ഒരു മനുഷ്യനത്രേ” എന്നു
പത്രൊസ് കൊർന്നല്യോസിനോട് പറഞ്ഞു, ...
19


... “ഒരു യഹൂദൻ വിജാതീയനായ ഒരാളോട് സഹകരിക്കുകയോ
അവനെ സന്ദർശിക്കുകയോ ചെയ്യുന്നത് ഞങ്ങളുടെ
ന്യായപ്രമാണത്തിന് വിരുദ്ധമാണെന്ന് നിങ്ങൾക്കറിയാമല്ലോ!”
20

“എന്നാൽ ഒരു മനുഷ്യനെയും അശുദ്ധനെന്നോ മലിനനെന്നോ വിളിക്കരുതെന്ന് ദൈവം എനിക്ക് കാണിച്ചുതന്നിരിക്കുന്നു.”



21

ദൈവത്തിന്റെ പുത്രനായ യേശു ക്രൂശിന്മേൽ മരിക്കുകയും ഉയിർത്തെഴുന്നേറ്റ് ലോകരക്ഷിതാവാകുകയും ചെയ്തെന്ന് പത്രൊസ് ജാതികളോട് (യഹൂദരല്ലാത്തവർ) പ്രസംഗിച്ചു. അപ്പോൾതന്നെ എല്ലാവരുടെമേലും പരിശുദ്ധാത്മാവ് വന്നു. അവർ ദൈവത്തെ സ്തുതിക്കുവാൻ തുടങ്ങി.



22

പത്രൊസിനോടൊപ്പം വന്ന യെഹൂദരായ സുഹൃത്തുക്കൾ ആറുപേരും വിസ്മയഭരിതരായി. അത് പെന്തെക്കൊസ്തുപോലെയായിരുന്നു. പരിശുദ്ധാത്മാവ് എന്ന ദാനം ജാതികളുടെമേലും പകരപ്പെടുകയായിരുന്നു. അനന്തരം പത്രൊസ് ഈ പുതിയ വിശ്വാസികളെ യേശുവിന്റെ നാമത്തിൽ സ്നാനം കഴിപ്പിച്ചു.



23

ജാതികളെ സന്ദർശിച്ചതിന് യെരൂശലേമിലെ ക്രിസ്ത്യാനികൾ പത്രൊസിനെ വിമർശിച്ചു. അതുകൊണ്ട് പത്രൊസ് തനിക്കും കൊർന്നല്യോസിനും പ്രാർത്ഥനയിൽ ലഭിച്ച ദർശനങ്ങളെക്കുറിച്ച് അവരോട് പറഞ്ഞു. ഇതു കേട്ടുകഴിഞ്ഞപ്പോൾ യെരൂശലേമിലെ വിശ്വാസികൾ മിണ്ടാതിരുന്നു. ദൈവത്തിന്റെ സ്നേഹം ഏവർക്കുമുള്ളതാണെന്ന് പ്രാർഥനയിലൂടെ അവൻ ക്രിസ്ത്യൻ സഭയ്ക്ക് കാണിച്ചുകൊടുത്തതിനാൽ അവർ ദൈവത്തെ സ്തുതിച്ചു.



24

പത്രൊസും പ്രാർത്ഥനയുടെ ശക്തിയും

ദൈവവചനത്തിൽ നിന്നും ഒരു കഥ.

ബൈബിളിൽ നിന്നുംഎടുത്തത്.

അപ്പൊസ്തല പ്രവൃത്തികൾ 9–12

"നിങ്ങളുടെ പ്രവേശന വാക്ക് വെളിച്ചം പകരട്ടെ."
സങ്കീർത്തനം 119:130

നാം തെറ്റുകരെന്ന ദൈവം അറിയുന്ന അതിന് പാപംമെന്ന പറയുന്ന.
പാപത്തിനുള്ള ശിക്ഷയാണ് മരണം.

ദൈവം നമ്മെ സ്നേഹിച്ച അതിനാൽ തന്റെ മകനായ യേശുവിനെ നമ്മുടെ
പാപങ്ങളുടെ പരിഹാരത്തിനായി ക്രൂശിൽ മരിക്കണ്ടതിന ഈ
ലോകത്തിലേക്ക് വന്ന യേശു മരിച്ച് ഉയിർത്തെഴുന്നേറ്റ സ്വർഗ്ഗത്തിലേക്ക്
പോയി. ദൈവത്തിന നമ്മുടെ പാപങ്ങളെ ക്ഷമിപ്പാൻ കഴിയും.

നമ്മുടെ പാപങ്ങള്ളിൽ നിന്ന്  വിടുതൽ ആവശ്യമെങ്കിൽ ദൈവത്തോട്
ഇപ്രകാരം പറയുക. പ്രിയ ദൈവമേ യേശുവേ എനിക്ക് വേണ്ടി മരിച്ച
ഇപ്പോൾ ജീവിക്കുന്ന എന്ന് ഞാൻ
വിശ്വസിക്കുന്ന. എന്റെ ഹൃദയത്തിലേക്ക് വന്ന് എന്റെ പാപങ്ങളെ
ക്ഷമിക്കേണം. എനിക്ക് പുതിയൊരു ജീവിതം നൽകേണമേ നിരന്തരം
നിന്നോട് അടുത്ത് ജീവിക്കുവാനും നിന്റെ മകനായി ജീവിക്കുവാൻ
സഹായിക്കേണമേ. ആമേൻ
യോഹന്നാൻ 3:16

എല്ലാദിവസവും ബൈബിൾ വായിക്കുകയും ദൈവത്തോട് സംസാരിക്കുകയും
ചെയുക.